No.AD/ P 02/2015

സ്വയംസ്ഥിതനും ആദ്യന്ത്യമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കുസ്തുതി)
അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും പരിപത്രോസിന്റെ അപ്പോസ്തോലീക സിംഹാസനത്തിൻ കീഴിലുള്ള
യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയുടെ കാതോലിക്കയും, മെത്രാപ്പോലീത്തൻ ട്രസ്റ്റിയും,
അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്തായുമായ

## ബസ്സേലിയോസ് തോമസ് പ്രഥമൻ

നമുക്കെത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന അങ്കമാലി ഭദ്രാസനത്തിലെ എല്ലാ പള്ളികളിലേയും ബഹു.വികാരിമാർക്കും, സഹവികാരിമാർക്കും, കൈക്കാരന്മാർക്കും, കമ്മിറ്റിക്കാർക്കും ശേഷം ജനങ്ങളുമാകുന്ന ആത്മീയ വാത്സല്യമക്കൾക്ക് കർത്താവിൽ വാഴ്‌വ്.

**പ്രിയരെ,**

സത്യവിശ്വാസ സംരക്ഷകനും മലങ്കര മെത്രാപ്പോലീത്തയുമായിരുന്ന പരിശുദ്ധനായ പൗലോസ് മോർ അത്താനാസിയോസ് തിരുമേനിയുടെ 62–ാമത് ഓർമ്മപ്പെരുന്നാളും, കാലം ചെയ്ത പുണ്യ ശ്ലോകരായ അമ്പാട്ട് മോർ കൂറിലോസ്, കടവിൽ മോർ അത്താനാസിയോസ്, വയലിപറമ്പിൽ മോർ ഗ്രിഗോറിയോസ് എന്നീ പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാളും 2015 ജനുവരി മാസം 24,25 (ശനി, ഞായർ) തീയതികളിലായി ആലുവ മാസ് ഹാളിൽ വച്ച് ആഘോഷിക്കുകയാണ്. പെരുന്നാളിനോടനുബന്ധിച്ച് 2015 ജനുവരി മാസം 21–ാം തീയതി മുതൽ നമ്മുടെ ഭദ്രാസനത്തിലെ ഭക്ത സംഘടനകളുടെ നേതൃത്വത്തിൽ പ്രാർത്ഥനായജ്ഞം ആരംഭിക്കുന്നതാണ്. എല്ലാദിവസവും രാവിലെ 10.00 മണിക്ക് ആരംഭിക്കുന്ന പ്രാർത്ഥനായജ്ഞത്തിൽ സംബന്ധിക്കുവാൻ തക്കവണ്ണം ഭദ്രാസനത്തിലെ ബഹു. വൈദീകരും, പള്ളി ഭാരവാഹികളും, ഭക്തസംഘടനാപ്രവർത്തകരും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തുകൊള്ളണം. മൂന്ന് നോമ്പ് ആയതിനാൽ ആണ് ഈ വർഷത്തെ പെരുന്നാൾ 24,25 തീയതികളിലായി പരി.സഭ പുനർക്രമീകരിച്ചത്.

പരിശുദ്ധന്റെ കബറിങ്കലേക്കുള്ള കാൽനട തീർത്ഥയാത്ര ജനുവരി മാസം 24–ാം തീയതി ഉച്ചകഴിഞ്ഞ് 2.00 മണിക്ക് അകപ്പറമ്പ് മോർ ശാബോർ അഫ്രോത്ത് കത്തീഡ്രൽ വലിയപള്ളിയിൽ നിന്നും ആരംഭിക്കും. നമ്മുടെ എല്ലാ പള്ളികളിലേയും ബഹു.വൈദീകരും, ഭരണസമിതി അംഗങ്ങളും, ഭക്തസംഘടനാ പ്രവർത്തകരും, ദൈവജനവും 2.00 മണിക്കു മുമ്പായി അകപ്പറമ്പ് പള്ളിയിൽ എത്തിച്ചേർന്ന് തീർത്ഥയാത്രയിൽ സംബന്ധിക്കുവാൻ ശ്രദ്ധിച്ചുകൊള്ളണം. സത്യവിശ്വാസം സംരക്ഷിക്കുവാൻ സഭ ത്യാഗം സഹിക്കുമ്പോൾ ദൈവമക്കൾ ഒരുമിച്ച് ചേരുവാൻ തക്കവണ്ണം ബഹു. പള്ളിക്കാര്യത്തിൽ നിന്നും വാഹനങ്ങൾ ക്രമീകരിച്ചിരിക്കേണ്ടതാണ്.

അങ്കമാലി ഭദ്രാസനത്തെ നട്ട് വളർത്തിയെന്നതിലുപരി പരി. സഭയെ പരി. അന്ത്യോഖ്യാ സിംഹാസനത്തിൻ കീഴിൽ അടിയുറച്ച് നിലനിർത്തിയ നമ്മുടെ പരി.പിതാക്കന്മാരുടെ ഓർമ്മ ഭദ്രാസന തലത്തിൽ ആചരിക്കുമ്പോൾ നമ്മുടെ എല്ലാ ബഹു. പള്ളികളും ദൈവമക്കളും പെരുന്നാളിന്റെ ഓഹരി ചേർന്ന് അനുഗ്രഹം പ്രാപിക്കാൻ ശ്രദ്ധിച്ചുക്കൊള്ളണം. ***"നിങ്ങളോട് ദൈവവചനം പ്രസംഗിച്ച് നിങ്ങളെ നടത്തിയവരെ ഓർത്തുകൊള്ളുവിൻ. അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസത്തെ അനുകരിപ്പിൻ "*** (എബ്രായർ 13:7) എന്നുള്ള പരി.പൗലോസ് ശ്ലീഹായുടെ ഉദ്ബോധനം ഉൾക്കൊണ്ട് പരി. പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാളിൽ സംബന്ധിച്ചും അവരുടെ തീക്ഷ്ണമായ വിശ്വാസത്തെ പിൻതുടർന്നും നമ്മുടെ കർത്താവും രക്ഷിതാവുമായ യേശു ക്രിസ്തു വാഗ്ദാനം ചെയ്തിട്ടുള്ളതുപോലെ വിശുദ്ധന്മാരുടേയും നീതിമാന്മാരുടേയും പ്രതിഫലം നമുക്കും ലഭിക്കാൻ സംഗതിയാകട്ടെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർത്തിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ വി. കന്യകമറിയാം അമ്മയുടേയും, സകല പരിശുദ്ധന്മാരുടേയും, ശുദ്ധിമതികളുടേയും, പ്രത്യേകാൽ ശ്ലീഹന്മാരുടെ തലവനായ വി. പത്രോസിന്റെയും, ഇന്ത്യയുടെ കാവൽ പിതാവായ മോർ തോമാശ്ലീഹായുടേയും പ്രാർത്ഥനകളാൽതന്നെ, ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ......................

**ദൈവം അനുഗ്രഹിക്കട്ടെ**

പുത്തൻകുരിശ്
പാത്രിയർക്കാസെന്ററിൽ നിന്നും,
2015 ജനുവരി 7–ാം തീയതി.

**ബസ്സേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക**